

INDIAN CATHOLIC COMMUNITY

Tivoligasse 20, A-1120 Vienna, Austria, Tel: +43 1 8174206 Mobile: 069911966771

ഇന്ത്യൻ കത്തോലിക്കാ സമൂഹം വിയന്ന



ICC Bulletin Vol. 10. 3 www.iccvienna.org September-October: 2015

# Message of the Chaplain

അവധിക്കാലത്ത് ലഭിച്ച എല്ലാ നന്മകൾക്കും ദൈവത്തിന് നമുക്ക് നന്ദി പറയാം. ഇനി നമുക്ക് അത്യധികം ഉത്സാഹത്തോടെ പുതിയ അദ്ധ്യയന – മതബോധന വർഷത്തെ കർമ്മ പരിപാടികളിലേയ്ക്ക് പ്രവേശിക്കാം. നമുക്ക് പരിപോഷണമേകുന്ന നമ്മുടെ കുടുംബത്തേയും, ഇടവകയേയും ശക്തിപ്പെടുത്താം. അവയെല്ലാം ദൈവദാനമായി നമുക്ക് ലഭിച്ചതാണ്. വിയന്ന അതിരൂപതയിലെ സകല മലയാളികളേയും അതീവ സ്നേഹത്തോടെ **ICC** ഇടവകയുടെ ആത്മീയ അജപാലന വേദികളിലേക്ക് സ്വാഗതം ചെയ്യുന്നു.

നമ്മുടെ ശരീരത്തിന്റേയും, മനസ്സിന്റേയും ആത്മാവിന്റേയും സമഗ്രമായ പങ്കാളിത്തമുള്ള കൗദാശിക കൂട്ടായ്മയാണ് നമ്മുടെ മലയാളി ഇടവക. ഈശോയുടെ ഈ മലയാളി മൗതീക ശരീരത്തിലെ ജീവനും, കൃപയുമുള്ള കോശങ്ങളും, ഗ്രന്ഥികളും, സന്ധികളും അവയവങ്ങളുമാണ് ̆ നാമെല്ലാവരും എന്ന തിരിച്ചറിവും, അവബോധവും, ബോദ്ധ്യവും നമ്മിൽ പൂർവ്വാധികം ശക്തി പ്രാപിക്കട്ടെ. കർത്താവായ ഈശോയും നാമോരോരുത്തരും തമ്മിലുള്ള ആത്മശരീരങ്ങളുടെ കൂദാശാപരമായ സംഗമ–സംയോജന–സായൂജ്യവേദിയായ സ്വന്തം ഇടവകയെ അവഗണിച്ചുകൊണ്ട് ആത്മീയതയിലേയ്ക്കുള്ള അഭയാർത്ഥിത്വം ക്രിസ്തീയ വിശ്വാസത്തിന് യോജിച്ചതല്ല (Verflüchtigung ins Geistige passt nicht zum christlichen Glauben).

അതിസമ്പന്നമായ വിയന്ന സിറ്റി സംസ്ക്കാരത്തിൽ ജീവിക്കുവാനും വളരുവാനും, നമ്മുടെ വിശ്വാസ പൈതൃകത്തേയും, കുടുംബ മഹത്വത്തേയും, തലമുറകളിലേക്ക് പകർന്ന് നൽകി ധന്യരാകുവാനും ഭാഗ്യം ലഭിച്ചവരാണ് നമ്മൾ. നമുക്ക് ലഭിക്കുന്ന സുവർണ്ണാവസരങ്ങൾ പാഴായിപ്പോകരുത്. അതൊരിക്കലും തിരിച്ചെടുക്കാനാവില്ല. അനേകം തലമുറകൾ നിലനില്ക്കുകയും ഗുരുതരമായ പ്രതിസന്ധികളെ അതിജീവിക്കുകയും ചെയ്യുന്ന, തായ്‌വേരുകളും, കാതലുമുള്ള ദേവദാരു വടവൃക്ഷംപോലെയും, ആയിരക്കണക്കിന് വർഷങ്ങൾ അചഞ്ചലമായി ഭൂമിയുടെ ഹൃദയത്തിലേയ്ക്ക് വേരൂന്നി നിന്ന് ഫലദായകമാകുന്ന ഒലിവുമരംപോലെയും, നമുക്ക് കത്തോലിക്കാ വിശ്വാസത്തിന്റെ പൈതൃക കൃപാശക്തിയുള്ളവരായി ഭൂമിയിലും, സ്വർഗ്ഗത്തിലും നിത്യജീവന്റേയും, ദൈവമഹത്വത്തിന്റേയും പ്രകാശിത സാക്ഷികളാകാം. അതിനായി നമ്മുടെ മലയാളി ഇടവകയിലൂടെ ലഭിക്കുന്ന അവസരങ്ങൾ പാഴാക്കരുത്.

സാമൂഹ്യമായും, സാംസ്ക്കാരികമായും നമ്മൾ മാറ്റങ്ങൾക്ക് വിധേയരാകുമ്പോഴും നമ്മുടെ കുടുംബനാഥനും, ഇടവകനാഥനുമായ ഈശോയുടെ ശരീരസംസ്ക്കാരത്തിന്റെ കൃപാശക്തി നഷ്ടപ്പെടാതിരിക്കാൻ നമുക്ക് ശ്രദ്ധിക്കാം. ഈശോ തന്റെ കൂദാശകളിലൂടെ നമ്മുടെ കണ്ണുകളേയും, കാതുകളേയും, നാവിനേയും, കരങ്ങളേയും, ഹൃദയത്തേയും തന്നോട് ചേർത്ത് പിടിച്ച് നമുക്ക് ശക്തിയും, മുക്തിയും, ആനന്ദവും നമ്മുടെ ഇടവകകൂട്ടായ്മയുടെ അനുഭവങ്ങളിലൂടെ നൽകുന്നു. കർത്താവിന്റെ സ്വന്തം ദിവസമായ ഞായറാഴ്ചകളിലെ നമ്മുടെ സ്വന്തം ഇടവക ദേവാലയത്തിലെ വിശുദ്ധ കുർബ്ബാനയിലൂടെ ഏറ്റവും സമുന്നതമായി ഈ ഭാഗ്യം നമുക്ക് ലഭിക്കുന്നു.

സ്വന്തം ഇടവകയുടെ ഹൃദയത്തുടിപ്പുകളെ അവഗണിക്കുകയും, അവമതിക്കുകയും ചെയ്യുമ്പോൾ സ്വാഭാവികമായി നമ്മുടെ ക്രിസ്തീയ പൈതൃക വിശ്വാസത്തിന്റെ തായ്‌വേരുകൾ നശിക്കുന്നു. അതോടെ, എത്ര ആവേശമേറിയ ആത്മീയതയുള്ള ആകാശപ്പറവയായി ഏതൊരു അഭയകേന്ദ്രത്തിൽ കൂടണഞ്ഞാലും തലമുറകളോളം സജീവമായി നിലനിൽക്കേണ്ട വിശ്വാസചൈതന്യം നിർജ്ജീവവും, നിഷ്ഫലവുമായിത്തീരുന്നു. അതോടെ ഉദാത്തമായ നമ്മുടെ കുടുംബസംസ്ക്കാരവും ക്ഷയിക്കുന്നു.

ആയതിനാൽ നമ്മുടെ പ്രവാസ ജീവിതകാലത്ത് നമ്മിൽ സംഭവിക്കുന്ന ആത്മീയമായ മാറ്റങ്ങളെപ്പറ്റി ബോധവാന്മാരാകാം. മുൻകരുതലുകളെടുക്കാം. നമ്മുടെ ആത്മീയ ജീവിതത്തിൽ

രണ്ട് തരത്തിലുള്ള മാറ്റങ്ങളാണ് സംഭവിക്കാവുന്നത്. അതിലൊന്ന് നമ്മുടെ പൈതൃക വിശ്വാസത്തിന്റെ ഗുണനിലവാരത്തിലുള്ള പരിവർത്തനമാണ്. മാതൃസഭയിൽനിന്നും, മാതാപിതാക്കളിൽനിന്നും, പൂർവ്വികരിൽനിന്നും പൈതൃകമായി നമുക്ക് ലഭിച്ച വിശ്വാസത്തിന്റെ തനിമയും, ഊർജ്ജവും, നിലനിൽപും ഗുണപരമായി ക്ഷയിക്കുന്നു. തായ്‌വേര് നശിച്ച് ആയുസ്സ് കുറഞ്ഞ ് പ്രസരിപ്പും ഫലദായകത്വവും നഷ്ടപ്പെടുന്ന അവസ്ഥയിലേക്ക് എത്തിച്ചേരുന്നു. പ്രതീകാത്മകമായി പറഞ്ഞാൽ, മരം ദേവദാരുതന്നെ. പക്ഷെ, ഗുണം പാഴ്മരത്തിന്റേത്.

മറ്റൊരു മാറ്റം, നമ്മുടെ പൈതൃക വിശ്വാസത്തിന്റെ ഇനപരിണാമമാണ് (genetical change). അനേക തലമുറകളിലൂടെ നമുക്ക് പകർന്ന് കിട്ടിയ കത്തോലിക്കാ പൈതൃക ആത്മീയതയുടെ കൃപാശക്തി ക്ഷയിക്കുന്നതോടെ വിശ്വാസത്തിന്റെ ഗുണത്തിൽ മാത്രമല്ല ഇനത്തിലും മാറ്റം സംഭവിക്കുന്നു. കരുത്തും, കാതലുമുള്ള ദേവദാരുവൃക്ഷം, ആപ്പിൾമരമോ, മരീലനോ, ഓറഞ്ച്മരമോ പിന്നീടത് റോസച്ചെടിയോ, ചെടിച്ചട്ടിയിലെ ഓർക്കിഡോ ആയിത്തീരുന്നു. പ്രതീകാത്മകമായി കണ്ടാൽ, പൈതൃകമായി ലഭിച്ച കത്തോലിക്കാ വിശ്വാസ സമ്പത്തിന്റെ കൗദാശിക കൃപാശക്തി അങ്ങനെ ഇനപരിണാമ വിധേയമായി അതിജീവനത്തിന്റെ (survival) സംസ്ക്കാരത്തിലെത്തിച്ചേരുന്നു. ഇപ്പോൾ യൂറോപ്പിൽ നടക്കുന്നത് പൈതൃക വിശ്വാസത്തിന്റെ ഇത്തരത്തിലുള്ള ഗുണ-ഇന പരിവർത്തനങ്ങളാണ്. ഇവിടെ ജീവിക്കുന്ന കത്തോലിക്കരായ ഒട്ടേറെ മലയാളികളിലും ഇത്തരം മാറ്റങ്ങൾ സംഭവിക്കുന്നുവെന്നത് വാസ്തവമാണ്. ഇവയുടെ സ്വാധീനം ഏറ്റവും ശക്തമായി പ്രകടമാകുന്നത് ദാമ്പത്യ-കുടുംബരംഗത്തും, മക്കളുടെ ആത്മീയ കാഴ്ചപ്പാടുകളിലും ബോദ്ധ്യങ്ങളിലുമാണ്. കണ്ണിനും കാതിനും മനസ്സിനും ഇമ്പമേകുന്നവയ്ക്ക് മുൻഗണന കൊടുത്തുകൊണ്ടുള്ള സിറ്റി ജീവിതത്തിലെ പരക്കംപാച്ചലിലും മോഹാഗ്നിയിലും പെട്ട് പൈതൃക വിശ്വാസം ദേവദാരുവിന്റെ കാതൽഗുണ നിലവാരത്തിൽനിന്നും കദളിവാഴയുടെ കാതൽപൊലിമയിലേയ്ക്ക് പരിണാമ വിധേയമാകുന്നത് തീരാനഷ്ടംതന്നെയാണെന്ന അവബോധം വിയന്നായിലെ ഓരോ പ്രവാസി മലയാളിയിലും ഉണരട്ടെ.

വിശുദ്ധ തോമാശ്ലീഹായും, വിശുദ്ധ ഫ്രാൻസീസ് സേവ്യറും, ആദരണീയനായ ക്നായിത്തോമ്മായും വഴി കർത്താവായ ഈശോ നൂറ്റാണ്ടുകൾക്ക്മുമ്പ് കേരളത്തിൽ നട്ടുവളർത്തിയ ദേവദാരുവിന്റെ കാതൽഗുണമുള്ള കത്തോലിക്ക വിശ്വാസത്തിന്റെ പൈതൃക കൃപാശക്തി നെഞ്ചിലേറ്റിക്കൊണ്ട് ഇവിടെ വന്നവർക്കും അവരുടെ തലമുറകൾക്കും അമൂല്യമായ ഈ വിശ്വാസ സമ്പത്ത് നമ്മുടെ മലയാളി ഇടവകയിലൂടെയും അവയിലെ ആത്മീയ അജപാലന ശുശ്രൂഷകളിലൂടെയും സമൃദ്ധിയായി ലഭിക്കുന്നത് നന്ദിയോടെ ഹൃദയം തുറന്ന് നമുക്ക് സ്വീകരിക്കാം. അതിനുവേണ്ടിയുള്ള കരുതലും ഇച്ഛാശക്തിയുമാണ് നമ്മുടെ ഭാവിതലമുറയ്ക്ക് നമുക്ക് നൽകാവുന്ന ഏറ്റവും ഉദാത്തമായ പിതൃസ്വത്തും സമ്മാനവും.

പ്രാർത്ഥനാശംസകളോടെ,

ICC Chaplain: P. Thomas Thandappilly CST

ICC Assistant Chaplain: P. Joy Plathottathil SVD

## Please Note the ICC Events

Syro Malabar Qurbana in German language on every second Sunday of the month in Maria Lourdes
Syro Malabar Qurbana in German language on every third Sunday of the month in Stadlau Kapelle
Holy Mass and Adoration of the ICC Parish on every First Friday, from 7. to 8.30pm in Stadlau Kapelle.
Kindly avoid private group Mass in Malayalam on this occasion.
ICC Parish Committee Meeting on 11th September 2015, at 7.30pm in Maria Lourdes
Catechism Classes begin on 13th September 2015 at scheduled time in Maria Lourdes and Stadlau
Kairaly Nikethan Classes begin on 12th September 2015 at scheduled time in Kairaly Nikethan School
Kids Liturgy on 20th September, 2015 in Maria Lourdes and Stadlau Kapelle
ICC Mothers Pilgrimage on Saturday 3rd October 2015, Meeting Point at Stadlau Kapelle, Time: 7. 30am
ICC Laity Representatives Meeting Sunday 4th October 2015 at 18. 50 hrs in Stadlau Hall
Feast celebration (of Private Initiative) of Koratty Muthy on 10th October at 3. 30pm in Maria Lourdes
Marital Couples Thanksgiving Mass, Sunday 25th October at 11.30 in Maria Lourdes

*Verleger : Steephen Chevookaran, Media & Communications for the Indian Catholic Community*